**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പി.വി.ഐ.പി., എം.വി.ഐ.പി. കനാൽ ബണ്ട് റോഡുകൾ പല സ്ഥലങ്ങളിലും തകർന്ന് സഞ്ചാര യോഗ്യമല്ലാതായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ എം.വി.ഐ.പിയിൽ ഉൾപ്പെട്ട വാരപ്പെട്ടി, നടുവക്കാട്, ഇഞ്ചൂർ എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെയും ആർ.ബി.എം.സി കനാലിന്റെയും ബണ്ട് റോഡുകൾ ചിലയിടങ്ങളിൽ മെറ്റലിംഗ്, ടാറിങ്ങ് എന്നിവ പൊളിഞ്ഞു പോയിട്ടുള്ളതായും പി.വി.ഐ.പി കനാൽ ബണ്ടു റോഡുകൾ തകർന്നു പോയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ പുന:നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കനാൽ ബണ്ടു റോഡുകൾ റീ ടാറിങ്ങ് ചെയ്യുന്നതിനും, റീ കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് എൻ.ഒ.സി നൽകി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പുതലത്തിലും കനാൽ ബണ്ടു റോഡുകളുടെ തകരാറുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ധാരാളം ആളുകൾ നിത്യേന യാത്രക്കായി ഉപയോഗിക്കുന്ന പ്രസ്തുത റോഡുകൾ അടിയന്തരമായി പുന:നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കനാൽ ബണ്ടു റോഡുകൾ റീ ടാറിങ്ങ് ചെയ്യുന്നതിനും, റീ കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് എൻ.ഒ.സി നൽകി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പുതലത്തിലും കനാൽ ബണ്ടു റോഡുകളുടെ തകരാറുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ